# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2618** **18.06.2018-** ൽ മറുപടിക്ക്

**ടാറിംഗ് ചെയ്ത റോഡുകൾ വെട്ടിപ്പൊളിക്കൽ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. സി.കെ.ഹരീന്ദ്രൻ** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ടാറിംഗ് ചെയ്ത ഉടൻ തന്നെ കെ.ഡബ്ല്യു.എ., ബി.എസ്.എൻ.എൽ. എന്നിവ നിർമ്മാണ പ്രവർത്തനങ്ങൾക്കായി റോഡുകൾ വെട്ടിപ്പൊളിക്കുകയും പിന്നീട് സമയബന്ധിതമായി ഇവ റിപ്പയർ ചെയ്യാത്തതിലൂടെ റോഡുകൾ തകരുകയും ഗർത്തങ്ങൾ രൂപപ്പെടുകയും ചെയ്യുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി പൊതുമരാമത്ത് റോഡുകളിൽ മറ്റു സേവനദാതാക്കളുടെ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ 05.01.2018-ലെ സ.ഉ (സാധാ) നം. 30/2018/പൊ.മ.വ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഇത്തരത്തിലുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നവരിൽ നിന്നും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം റിപ്പയർ ചെയ്യുന്നതിന് ആവശ്യമായ തുക പി. ഡബ്ല്യു.ഡി.ഈടാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | സാധാരണയായി യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതിനായി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം റോഡ് റിപ്പയർ ചെയ്യുന്നതിനാവശ്യമായ തുക പൊതുമരാമത്ത് വകുപ്പിന് കൈമാറി മുൻകൂർ അനുവാദം വാങ്ങിയാണ് നടപ്പാക്കുന്നത്. എന്നാൽ ചില സാഹചര്യങ്ങളിൽ തുക അടയ്ക്കാതേയും, അനുവാദം വാങ്ങാതേയും അറ്റകുറ്റപ്പണികൾക്കായി റോഡുകൾ വെട്ടിപ്പൊളിക്കാറുണ്ട്. |

| | | | |
|---|---|---|---|
| (സി) | വെട്ടിപ്പൊളിക്കുന്ന റോഡുകൾ റിപ്പയർ ചെയ്യാത്ത കരാറുകാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്ന് അറിയിക്കാമോ? | (സി) | വെട്ടിപ്പൊളിക്കുന്ന റോഡുകൾ റിപ്പയർ ചെയ്യാൻ എൽപ്പിക്കുന്ന കരാറുകാർ പ്രവൃത്തി ചെയ്യാത്തപക്ഷം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി അവസാനിപ്പിക്കുകയും കരാറുകാരനെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തുകയും ചെയ്യുന്നു. തുടർന്ന് പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്ത് പൂർത്തിയാക്കുന്നു. അങ്ങനെ പൂർത്തിയാക്കുന്ന പ്രവൃത്തിക്ക് അധികമായി ചെലവാകുന്ന തുക ആദ്യത്തെ കരാറുകാരനിൽ നിന്നും ഈടാക്കുന്നുണ്ട്.<br><br>ദേശീയപാതാവിഭാഗത്തിൽ പൈപ്പുകൾ അഥവാ കേബിളുകൾ സ്ഥാപിക്കാനായി അനുമതി നൽകുന്നതുതന്നെ ടി കക്ഷികൾ അവരുടെ ചെലവിൽ തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കാമെന്ന് കരാർ ഉടമ്പടി വച്ചതിനുശേഷമാണ്. ആയതിനാൽ വെട്ടിപ്പൊളിക്കുന്ന റോഡുകൾ റിപ്പയർ ചെയ്യാത്ത കരാറുകാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാൻ വ്യവസ്ഥകളുണ്ട്. |

സെക്ഷൻ ഓഫീസർ